## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *206 04.05.2017- ൽ മറുപടിക്ക്

### "ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ"

**ചോദ്യം**

ശ്രീ.പി.ടി.എ. റഹീം
,, ഇ.പി.ജയരാജൻ
,, വി. അബ്ദുറഹിമാൻ
,, എം. നൗഷാദ്

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡവലപ്മെന്റ് നടത്തിയ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ഉണ്ട്. എം.എസ്.എം.ഇ. സെക്ടറിലെ തൊഴിൽ ലഭ്യത, സംരംഭകത്വം, തൊഴിൽ കമ്പോളം, കേരളത്തിലെ സാങ്കേതിക പരിജ്ഞാനം, വിഭവങ്ങൾ, അവസരങ്ങൾ, ഒരു സംരംഭത്തിന്റെ ജീവിത കാലയളവ്, മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയുള്ള കണക്ക്, സംരംഭത്തിന്റെ തുടക്കം, വളർച്ച, ഉയർന്നു വരുന്ന ബിസിനസ്സ്, അവസരങ്ങൾ, സംരംഭങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സുകൾ, ഈ മേഖലയിൽ സ്വീകരിക്കേണ്ട നയസമീപനങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡവലപ്മെന്റ് നടത്തിയ പഠന റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പ് പരിശോധിച്ചുവരുന്നു. |
| ബി) | ഇത്തരം വ്യവസായങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനു സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് |

| | | | |
|---|---|---|---|
| | | | മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിനായിട്ടുള്ള ക്ലിയറൻസുകളും, ലൈസൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| സി) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, പൊതു മേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് റിയാബ് വഴി പഠനം നടത്തിയിട്ടുണ്ട്. അതിൻ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ അവലോകനം നടത്തിയതിന്റെ ഫലമായി പരിഹാരം കണ്ടെത്തി. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിച്ചുകൊണ്ട് ഉൽപന്നങ്ങൾക്ക് വൈവിദ്ധ്യവൽക്കരണം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കമ്പനി വിപുലീകരണവും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനവും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനവും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും വഴി പൊതുമേഖലാ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്കു പുറമെ 23 കോടി രൂപ കൂടി സർക്കാർ അധികമായി നൽകി. 2017-18 സാമ്പത്തിക വർഷം മൂലധനസഹായമായും ആധുനിക വൽക്കരണത്തിനുമായി പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി.<br>2017-18 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കു പുറമേ കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമൻറ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ വിപുലീകരണ പദ്ധതികൾ പ്രത്യേക ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്. ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു ഉൽപ്പാദന സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളുടെ സ്ഥായിയായ പ്രവർത്തനത്തിനും ഉന്നമനത്തിനുമായി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**